മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 2001-ലെ സെൻസസ് പ്രകാരം നിയമസഭാമണ്ഡലങ്ങളുടെ പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ഡീലിമിറ്റേഷൻ കമ്മിഷൻ സ്വീകരിച്ചു വരികയാണ്. ഇത് അനുസരിച്ച് ഓരോ ജില്ലയിലും നിർണ്ണയിക്കേണ്ട നിയമസഭാ മണ്ഡലങ്ങളുടെ എണ്ണവും സംവരണ മണ്ഡലങ്ങൾ ഏത് ജില്ലകളിലാണ് വരേണ്ടത് എന്നത് സംബന്ധിച്ചും ഡീലിമിറ്റേഷൻ കമ്മിഷൻ 2 വർക്കിംഗ് പേപ്പറുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിയോജകമണ്ഡലങ്ങളുടെ പുനർനിർണ്ണയം സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നും സർക്കാർ സമർപ്പിച്ചിട്ടില്ല. പുനർനിർണ്ണയം സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നത് ഡീലിമിറ്റേഷൻ കമ്മിഷൻ ആയതിനാൽ ഇത് എപ്പോൾ പൂർത്തീകരിക്കുമെന്ന് കമ്മിഷൻ വെളിപ്പെടുത്തിയിട്ടില്ല.

ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗ് പ്രവർത്തനക്ഷമമാക്കാൻ നടപടി

*8 [388] ശ്രീ. എം. വി. ജയരാജൻ:

,, ടി. കെ. ബാലൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾക്കാണ് വിജിലൻസ് വിംഗ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പല ഡിപ്പാർട്ടുമെന്റിലേയും വിജിലൻസ് വിംഗ് പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ ഒരു ഭാഗം മാത്രമായി പ്രവർത്തിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗുകളുടെ പ്രവർത്തനം പരിശോധിക്കാൻ സർക്കാരിൽ നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ;

(ഇ) ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗുകൾ ശക്തിപ്പെടുത്തി പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ഒരു വിജിലൻസ് ആഫീസറുടെ നിയന്ത്രണത്തിലാണ്. വകുപ്പുതലത്തിൽ ലഭിക്കുന്ന പരാതികൾ അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ അഴിമതി ഉണ്ടെന്നു തെളിഞ്ഞാൽ മേൽനടപടികൾക്കായി സെക്രട്ടേറിയറ്റിലെ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കൈമാറുക എന്നതാണ് വിജിലൻസ് വിംഗിന്റെ ചുമതല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) വിജിലൻസ് കേസ്സിന്റെ പ്രതിമാസ അവലോകന റിപ്പോർട്ട് ഓരോ വകുപ്പിൽനിന്നും സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. വിജിലൻസ് ആഫീസർമാരുടെ കോൺഫറൻസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. വിജിലൻസ് ആഫീസർമാരുടെ വാർഷികയോഗം പ്രസ്തുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടേണ്ടതും വകുപ്പുതല വിജിലൻസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ സുപ്രധാന കാര്യങ്ങളും പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതുമാണ്.

(ഇ) 1999-ലും 2003-ലും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി വകുപ്പുതല വിജിലൻസ് ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസും പരിശീലനപരിപാടിയും നടത്തിയിട്ടുണ്ട്.

ലക്ഷംവീട് പദ്ധതിയിൽപ്പെട്ട വീടുകളുടെ പുനരുദ്ധാരണം

*9 [389] ശ്രീ. എ. എൻ. രാജൻബാബു:
,, ഷിബു ബേബിജോൺ
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലക്ഷംവീട് പദ്ധതിപ്രകാരം അനുവദിച്ച വീടുകൾ അറ്റകുറ്റപണികൾ ചെയ്യാത്തതുമൂലം താമസയോഗ്യമല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്ഷംവീട് പദ്ധതിൽപ്പെട്ട വീടുകളുടെ പുനരുദ്ധാരണത്തിന് സംസ്ഥാന സർക്കാർപ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ;

(സി) എങ്കിൽ മൊത്തം നീക്കിവച്ച തുക എത്രയെന്നും അതിൽ എത്ര ശതമാനം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി ആന്റ് സി) ലക്ഷംവീട് പദ്ധതിയിൽപ്പെട്ട വീടുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല. എന്നാൽ ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[19-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *8 (388) കാണുക.]

1. കൃഷിവകുപ്പ്
2. വാണിജ്യ നികുതി വകുപ്പ്
3. എക്സൈസ് വകുപ്പ്
4. ഭൂനികുതി വകുപ്പ്
5. സഹകരണ വകുപ്പ്
6. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. വിദ്യാഭ്യാസ വകുപ്പ്
8. വനം വകുപ്പ്
9. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്
10. ആരോഗ്യ വകുപ്പ്
11. വ്യവസായവും വാണിജ്യവും വകുപ്പ്
12. ജലസേചന വകുപ്പ്
13. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്
14. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്
15. മോട്ടോർ വാഹന വകുപ്പ്
16. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
17. പഞ്ചായത്ത് വകുപ്പ്
18. പൊതുമരാമത്ത് വകുപ്പ്
19. സാമൂഹ്യക്ഷേമ വകുപ്പ്
20. ടൗൺ പ്ലാനിംഗ് വകുപ്പ്
21 ട്രഷറി വകുപ്പ്
22. പ്രിന്റിംഗ് വകുപ്പ്
23. അർബൻ അഫയേഴ്സ് വകുപ്പ്
24. തൊഴിൽ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly